തോട്ടങ്ങളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കാനായി ഒരു ഹെക്ടറിന് 5000 രൂപ ധനസഹായം ലഭ്യമാക്കും. 10000 ഹെക്ടർ സ്ഥലത്ത് ഇടവിള കൃഷിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. മൊത്തം 1107.5 ലക്ഷം രൂപ മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയതിൽ 765.7 ലക്ഷം രൂപ ചെലവഴിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹോർട്ടികൾച്ചർ കോർപ്പറേഷനും സംയുക്തമായി നടത്തുന്ന വിപണന പരിപാടികൾ

174(2430) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറിയുടെ തറവില, പൊതുവിപണനം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹോർട്ടികൾച്ചർ കോർപ്പറേഷനും സംയുക്തമായി എന്തൊക്കെ വിപണന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ഹോർട്ടികൾച്ചർ കോർപ്പറേഷൻ ഏത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സംരംഭത്തിലൂടെ ഈ വർഷം ഇതുവരെ ആകെ എത്ര കോടി രൂപയുടെ പച്ചക്കറി സംഭരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഹോർട്ടികൾച്ചർ കോർപ്പറേഷന് റിവോൾവിംഗ് ഫണ്ടായി ഇതുവരെ എത്ര കോടി രൂപ നൽകി ; ഇതിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ആവശ്യത്തിന് ഹോർട്ടിക്കോർപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി വിപണന പരിപാടികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറികളുടെ തറ വില, പൊതുവിപണനം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഹോർട്ടികോർപ്പ് പൊതുവിപണിയിലെ വിലയേക്കാൾ വിലക്കുറച്ച് ഹരിതാ സ്റ്റാളും സൂപ്പർ മാർക്കറ്റുകളും വഴി പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിക്കുന്നുണ്ട്. കൂടാതെ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളിൽ വിപണി ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണ സീസണിൽ 30 ശതമാനം സബ്സിഡി വ്യവസ്ഥയിലും ക്രിസ്തുമസ് സീസണിൽ 20 ശതമാനം സബ്സിഡി വ്യവസ്ഥയിലും പച്ചക്കറികൾ വിതരണം നടത്തുകയുണ്ടായി. ഇത് വഴി പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് ഹോർട്ടികോർപ്പിന് സാധിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ഹോർട്ടികോർപ്പ് പൊതുവിതരണത്തിനായി 12,06,74,747.09 (പന്ത്രണ്ട് കോടി ആറ് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ ഒൻപത് പൈസ)യുടെ പച്ചക്കറി 2011 ജനുവരി വരെ സംഭരിച്ചിട്ടുണ്ട്.

(ഡി) പച്ചക്കറി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി 'ഹരിത വിപണനം' പദ്ധതിയിലൂടെ 'ആയിരം പച്ചക്കറി ഗ്രാമങ്ങളിൽ' നിന്നും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയേറിയ പച്ചക്കറികൾ കർഷകർക്ക് ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് മിതമായ നിരക്കിൽ ഹരിത സ്റ്റാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ വഴി വിൽപ്പന നടത്തി വരുന്നു. കർഷകർ, കർഷക ഗ്രൂപ്പുകൾ, വി.എഫ്.പി.സി.കെ. സംഘമൈത്രി എന്നിവിടങ്ങളിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഹരിത സ്റ്റാളുകളിലൂടെ വിപണനം നടത്തി വരുന്നു. കാർഷിക മൊത്തവിപണന കേന്ദ്രങ്ങളായ നെടുമങ്ങാട്, മരട്, ബാലരാമപുരം, വേങ്ങേരി എന്നീ വിപണന കേന്ദ്രങ്ങളിലൂടെ കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങളും ലേലത്തിലൂടെ സംഭരിച്ചുവരുന്നു.

(ഇ) 'ഹരിത വിപണനം' പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപയും കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രങ്ങളിൽ ആഴ്ചയിൽ സ്ഥിരമായി നടത്തുന്ന പൊതു ലേലങ്ങളിൽ പങ്കെടുക്കുന്നതിനായി 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിൽ 13 ലക്ഷം രൂപ പച്ചക്കറി സംഭരിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

175(2431) ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യ സംക്ഷേപത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം പദ്ധതിയിലൂടെ കഴിഞ്ഞ വർഷം എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly